# digisala

## d i g i t a l m a g a z i n e



## GVHSS KOYILANDY

centre of exellence

# സമർപ്പണം

മഹാപ്രളയത്തെ ഒറ്റക്കെട്ടായ് നേരിട്ട് അതിജീവിതത്തിന്റെ പാതയിൽ മുന്നേറുന്ന കേരള ജനതയ്ക്ക്.......



# ആശംസകൾ

കണ്ണും കാതും തുറന്ന്
മനസ്സിലെത്തിയ ആശയങ്ങളെ ഓമനിച്ച്....
തൊട്ടുതലോടി ............
അത് ,
സൈബർസ്പേസിലൂടെ ലോകം മുഴുവൻ
എത്തിക്കാൻ ശ്രമിക്കുന്ന കുരുന്നുകൾക്ക്
എല്ലാവിധ
ആശംസകളും..................

എൻ.കെ.പ്രേമചന്ദ്രൻ
ഹെഡ് മാസ്റ്റർ
ജി. വി. എച്ച്. എസ്. എസ്.
കൊയിലാണ്ടി

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**: അമൽ ദേവ്

**സബ് എഡിറ്റേർസ്**: ആദിത്ത് സുരേഷ്,
നന്ദകിഷോർ

**അംഗങ്ങൾ**: സനൽ ദാസ്,
ശ്രുധിൻ,
വിഷ്ണുപ്രിയ,
ഹരിനന്ദ്

**കൈറ്റ് മാസ്റ്റർ**: എൻ.കെ.വിജയൻ

**കൈറ്റ് മിസ്ട്രസ്സ്**: ഷജിത.ടി

**അദ്ധ്യാപകർ**: രാജാമണി.സി,
ഗീത,
അബ്ദുറഹ്മാൻ,
രമേശൻ.പി

# INDEX AND TABLE


പ്രളയം........8

OH SLEEP........10

അഭിമന്യൂ നീ പൂകം നിശയിൽ........12

*പ്രളയത്തിലും തോൽക്കാതെ........14*

विश्व हिन्दी दिवस........15

കേരളം........16

മയിൽ........18

പ്രളയത്തെ അതിജീവിച്ച കേരളം........19

The lost child........21

G.K capsule (science)........23

കനിവേകുക നീ........26

........27

കാലം........27

കടങ്കഥകൾ........29

അമ്പിളിമാമൻ........30

കൃഷിചൊല്ലുകൽ........31

സ്വപ്നം........32

മണ്ടനായ സിംഹവും........33

ബുദ്ധിമാനായ മാനും........33

*Bird talk........34*

മാനം........35

He still alive........36

*ജി.കെ കാപ്സ്യൂൾ ( കേരളം )........39*

–അമൽ ദേവ്........39

കിനാവ്........41

പങ്കായം........42

മഹത് വചനങ്ങൾ........42

മഴവില്ല്........45

നഷ്ടമാകയോ ജീവന്റെ നാരുകൾ........47

പ്രളയം........48

പഴഞ്ചൊല്ലുകൾ........49

ഗാന്ധിജിയെ കുറിച്ച് ചില........52

പ്രമുഖ വ്യക്തികൾ പറഞ്ഞ........52

കാര്യങ്ങൾ........52

വെളിച്ചം മറയ്ക്കുന്ന ഇരുട്ട്........53

മൗനം........54

സൂചിമുഖി പക്ഷി........55

ഓർമ്മകൾ........56

हम सब भारतीय है........57

രാക്കുട്ടുകാരി........59

NATURE........61

प्रेमचंद जी की एक सुन्दर कविता........62

കേരള സർക്കാർ സംരംഭമായ ***KITE (Kerala Infrastructure and Technology for Education )*** കുട്ടികൾക്കായി നടത്തി വരുന്ന ഐ.ടി കൂട്ടായ്മയാണ്  ***little kites .*** ഒന്നര ലക്ഷത്തോളം വിദ്യാർത്ഥികൾ സംവദിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ICT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് . ഐ.ടി രംഗത്ത് വിദ്യാർത്ഥികളുടെ സമഗ്ര മുന്നേറ്റം ലക്ഷ്യമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത് . ആനിമേഷൻ, പ്രോഗ്രാമിങ്ങ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്ങ് എന്നീ രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു . വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ , ശിൽപശാലകൾ , ക്യാമ്പുകൾ എന്നിവ ഇതിന്റെ പ്രത്യേകതയാണ് .

**-അമൽദേവ്**

# പ്രളയം

-സഞ്ജയ് കൃഷ്ണ
7 ഡി

നമ്മുടെ കൊച്ചുകേരളത്തിൽ പണ്ടുകാലങ്ങളിൽ യുദ്ധം പൊട്ടിപുറപ്പെടുന്നത് പോലെയാണ് നമുക്ക് ഈ കേരളത്തിൽ പ്രളയം വന്നുപെട്ടത്.എത്രയോ ജനങ്ങളും,അവരുടെ സ്ഥലങ്ങളും മലകളും



ഇടിഞ്ഞ് ഇതിൽ പെട്ടിരിക്കുന്നു.ജനങ്ങൾ കൂടാതെ പക്ഷിമൃഗാദികളും ഇതിൽ പെട്ടിരിക്കുന്നു.ഈ പ്രളയത്തിൽ ഇവർക്കെല്ലാം പാവപ്പെട്ട മത്സ്യതൊഴിലാളികളിൽ നിന്നാണ് സഹായങ്ങൾ ലഭിച്ചത്. സ്കൂൾ കുട്ടികളും ഇതിൽ പങ്കാളികളായിരുന്നു. ഗവൺമെന്റും ഇവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. ഹെലികോപ്റ്ററിൽ ആളുകൾ അങ്ങോട്ടും ഇങ്ങോട്ടുമായി അവരെ

രക്ഷപ്പെടുത്തി. പ്രളയത്തിൽപ്പെട്ട കുറേ ജനങ്ങൾ ആശുപത്രിയിലായി. പ്രളയത്തിൽപ്പെട്ട ജനങ്ങൾ അധികപേരും ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പിലാണ് താമസം. ദുരിതാശ്വാസക്യാമ്പിലുള്ളവർ ഒരിത്തിരി വെള്ളത്തിനും ഭക്ഷണത്തിനുമായി അലഞ്ഞു കൊണ്ടിരുന്നു....................



# OH SLEEP

- Nanda kishor-c
9 a



When I was young
I hate you a lot
But when I grew up
you were my favourable

I love you much
When I take a book to read
I don't know from were'
Dear sleep you come closer
to me
And you showed many dreams'

And make me joyful
When I was young
My Mother tries to
wake up me from my sleep.


This not fair for me
So 'I tries to hate you sleep
But oh; dear sleep
I still love you




–Shidhin d s (9 c)

# അഭിമന്യു നീ പൂകും നിശയിൽ

*-അർച്ചന 9 സി*




ചുമരെഴുതിയതിനാണോ
അതോ  വർഗീയത ആണോ നിൻ
ജീവൻ വെടിയാൻ കാരണം
ഓർക്കുക നിങ്ങൾ, ചുമരുകൾ -
ഇനിയും ബാക്കിയുണ്ട്.
പൊടിയും യൗവനങ്ങളും
ജീവരക്തം പൊടിഞ്ഞ ചുമരു -
കൾക്കായി ജീവൻ പകച്ചു
നൽകിയവൻ നീ ...
രാഷ്ട്രീയമേന്തിയ യൗവനങ്ങൾ
മറക്കുന്നു ചുടുരക്തത്തിൻ വില
ചാട്ടുളിയായ് തറയ്ക്കുന്നു നിൻ
നിലവിളി ഇനിയെങ്കിലും
ഓർക്കുക ,നാം കൊഴിയുന്ന
ഇലകളല്ല, ജീവിതവായുവിനായി
കൊതിക്കുന്ന ഹൃദയമുള്ള ജീവനാണ്
മാറണം നീ ഭൈരവി കോലമായി ......


JUNE 26
NO TOBACCO DAY
YOU, DONT SMOKE CIGGARET, IT SMOKE YOU.
SMOKING KILLS......
Jishnu.T.K

-Jishnu t k (9 d)

# പ്രളയത്തിലും തോൽക്കാതെ

-നന്ദന



ഒരു രാത്രി സുഖമായുറങ്ങുന്ന
ഒരോ വീട്ടിലും അനുവാദ
മില്ലാതെ കയറി പലരേയും
ജീവനും ജീവിതവും
കവർന്ന പ്രളയത്തിന്റെ
തീരക്കയങ്ങൾ തുഴഞ്ഞു
കയറാൻ മത്സ്യതൊഴിലാളികളുടെ വഞ്ചിയും
തുഴയും താങ്ങായി ദൈവത്തിൻ
കരങ്ങൾപോൽ താങ്ങായവർ
തഴകിയെടുത്തു കേരളത്തെ....
ആർത്തലയ്ക്കും മലവെള്ളത്തിനും
അടിയറവുവെച്ചില്ലവർ തൻ
നിശ്ചയദാർഢ്യം....
തൊഴുകുന്നു സഹസ്രങ്ങൾ
നിങ്ങൾക്കു സമക്ഷം

***കേരളത്തിന്റെ ആഭ്യന്തരസൈന്യമായ മത്സ്യതൊഴിലാളികൾക്ക് സമർപ്പിക്കുന്നു**

# विश्व हिन्दी दिवस

हर साल जनवरि 10 को विश्व हिन्दी दिवस मनाते है। हिन्दी भाषा के महत्व का प्रचार एवं प्रसार ही इस का लक्ष्य है।




प्रथम हिन्दी सम्मेलन 1975 जनवरि 10 को हुआ।

*इस की याद में ही हर साल दस जनवरी को विश्व हिन्दी दिवस मनायेजाते है। उस समय के भारत के प्रधानमंत्रि श्रीमति इदिरागाँधी ने प्रथम हिन्दी सम्मेलन का उदघाटन किया। इस प्रकार हिन्दी के महत्व को बढाने केलिए हिन्दी दिवस में श्रीगणेश हुआ।*

***-षजिता टी***

# കേരളം

അഭിനവ് പി വി 5 ബി

മലയാളനാടേ,കേരളമേ
കൈകൂപ്പി നിൽക്കുന്നു ഞങ്ങളെല്ലാം
തുഞ്ചത്തെഴുത്തച്ഛന്റെ നാടല്ലേ?
കുഞ്ചൻ നമ്പ്യാരുടേതല്ലേ?
എന്റെ നാടല്ലേ?
എന്റെ വീടല്ലേ?
അഭിമാനിക്കും കേരളമേ...?
ചിങ്ങം തുടങ്ങുമ്പോൾ
ഓണം തമ്പ്രാന്റെ
എഴുന്നള്ളിപ്പ്മലയാളനാടേ,കേരളമേകൈകൂപ്പി
നിൽക്കുന്നു ഞങ്ങളെല്ലാം








AMAL

1)what two things you never eat for breakfast?
Ans:lunch and dinner

2)what makes a river wealthy?
Ans:it's two banks

3)which two keys can't open any door?
Ans:monkey,Donkey

4)what has a neck but no head?
Ans:A bottle

5)which months have 28 days?
Ans:all months


6)"I am tall when I am young I am short when I am old" Who am I?
Ans:A candle

7)which four days of a week starts with t?
Ans:Thursday,Tuesday,today,tomorrow

8)I have desert but no sand. I have ocean and sea but no water. I have countries but no human?
Ans:Map

# മയിൽ

പ്രീതിക പി



കാർമേഘങ്ങൾ മാനത്ത്
ഇരുണ്ട്കൂടി വന്നപ്പോൾ
നീലപ്പീലികൾ വീശിയാടി,
സുന്ദരനാം മയിൽ വന്നല്ലോ...
പീലികൾ വീശി ആടിയനേരം
എല്ലാരും ഒന്ന് നോക്കിയല്ലോ.
മഴത്തുള്ളികൾ ഇറ്റിറ്റുവീണപ്പോൾ,
എല്ലാ മനവും കുളിർത്തല്ലോ

# പ്രളയത്തെ അതിജീവിച്ച കേരളം

-നിഹാല യാസ്മിൻ

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ പ്രകൃതി പഠിപ്പിച്ച പാഠമാണ് പ്രളയം. കേരളത്തിന്റെ വലിയ ദുരന്തമായിട്ടാണ് പ്രളയത്തെ കണക്കാക്കിയിട്ടുള്ളത്. ആ ദുരന്തത്തിൽ കേരളീയർക്ക് വലിയ നഷ്ടമാണ് സംഭവിച്ചത്. ചിലരുടെ പാർപ്പിടവും ഭക്ഷണവും



എല്ലാം കടപുഴകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊക്കെ സംഭവിച്ചിട്ടും നമ്മൾ മലയാളികൾ തളർന്നില്ല എല്ലാവരും ഒത്തൊരുമയോടെ നിന്നു എന്നതാണ് അതിന്റെ സത്യം. കുട്ടികളും മുതിർന്നവരും ഗർഭിണികളും വൃദ്ധരുമടക്കം എല്ലാവരും മുന്നോട്ട് കുതിച്ചു തളരാതെ..................മുന്നോട്ട്.



-Amal krishna (+1, sciene)

# The lost child



"will you give me a job here? I only need a place to live and something to about my hunger."

samita who was doing her daily chores lazily, looked froutly at the girl who is standing before the house.

"what is your name? She asked ankita.

"what all thing will you do? "

will you stay here as a servant?'

"asked sumitha expecting answer positively.I will do anything. I want to live somewhere.

"ok!"

Be here as any servant and remember, your wage is only the food for your hunger" said the lady

"ok! I agree" said ankitha relieving that she can have no hunger anymore. Ankitha started her works that day itself. Sumitha, the owner of house, didn't ask anything about ankitha's past, her tragic story. She only want ankitha to do all her works neatly perfectly. She scolded ankita for every thing if it was not her mistake also. Ankita was very sad to experience this situations one day when ankitha was moping the floor kiran the eight year. old boy of sumitha come with dirty legs and run through the cleaned floor. Sumitha scold angrily ankita for the dirty floor and the only three old girl, moped the floor one more due to the cruel behaviour of lady another day, when she was cooking the ten year old girl of sumitha took some sugar and put in the spicy. Sumitha

*got angry with it and she punished anika without giving food for a day. Anika was so sad of her situation and she even thought of running to some where so far. She will have the memories of her happy family who were with her a few year ago- now, every one is in another world. She wiped the tears which were rolling down her cheeks and continued her work. One day one women who was to be a close relative of sumitha invited her very happily and ordered ankitha to do all the works and to make more food that women observed ankita's work and she felt sad to that 13 years old girl when sumitha was scolding her she stayed there for 2 day on the 3rd day she called ankita and asked about her past ankitha was sad while was talking.*

*She wiped the tears and started telling her story.*

*I lived happily in a four member family my mother father and ten year old brother like this she pointed to the child of sumitha she continue "we were very happy and we lived very comfortable papa was a police officer. There were some criminals in our area papa was in charge to arrest them. They were in the central jail for 3 year and when they came back they took revenge on us our house was fired one night my papa mama and small brother were died and miraculously I was saved from that tragedy. After that I lived with my grandmother and aunt was very cruel to me but grandmother took care of me I want to school from there. But one year ago, grandmother also died. After that aunt treated me very angry. I was not able to here all the pains from there and i escaped from there. That's how i reached here . Here also, my situation is not change. Now i wish i could die with my family unstopped somehow lips were trembling. The old lady felt very sad and she told sumitha to leave her. Sumita felt that she scolded ankita so much they decided to sent anikita to an orphanage and did all the needed facilities for her education ankita was so happy as she could continue her education*

# G.K capsule (science)



-Amal Dev.S

1. what is the full form of LHC ?
   Ans- Large Hadron collider
2. Who put forward the Quandum theory ?
   Ans- Macs Plank
3. Who was known as the father of modern periodic table ?
   Ans- Henry Moseley
4. What is the full form of DNA ?
   Ans- Di-oxy Ribow Nucleic Acid
5. Who discovered the element Radium ?
   Ans- Mary curie
6. who was the first Indian who won the Nobel price for science ?

Ans - C.V Ramen

7 What is the full form of ISRO ?

Ans- Indian Space Research Organisation

8 Who is known as Indian Galileo ?

Ans- Prof. Veinu Bapu

9 Who put forward the photo electric theory ?

Ans- Albert Einstein

10 Which nano-particle is known as God's particle ?

Ans- Higgs Boson



# കനിവേകുക നീ....

-കിരൺ പ്രകാശ് 9-ജി

കാലമേ , കെടുതികളേ
ദുരിതമേ വേദനകളേ
പോകുക നീ ... മാഞ്ഞീടുക നീ
മർത്ത്യന്നു മാപ്പ നൽകുക നീ..
പ്രകൃതിയെ , പരിത്യാഗമേ
കരുണയായി വരിക നീ ....
തളിരിടും പുൽനാമ്പുകൾക്ക്
തുണയുമായി വരിക നീ...
മനുജനിന്ന് തണലുമായി
നന്മപേറിപ്പേറി വരിക നീ..
കെടുതികൾ തൻ കയ്പ്പുനീര-
കറ്റി വന്നീടുക നീ.....
അഗതികൾക്ക് കുളിരുമായി
കനിവുകാട്ടി വരിക നീ.....



# കാലം

കാലമിത്രയും വിദൂരമല്ലയോ
ഈ ജീവിതനൗകയും സങ്കൽപ്പമല്ലയോ

തമസ്സകറ്റും നേരം ഉതിർക്കും നിലാവും
അസ്തമയത്താൽ പൊഴിയും കിരണവും
ആശതൻ നിറകുടമാകും കിനാക്കളും
എങ്ങുനിന്നോ പൊഴിയും ദിനംതോറും

ആശയങ്ങൾക്കൊരു അർത്ഥമില്ലാത്തൊരീ
കാലത്തിനൊപ്പം കുതിക്കും അശ്വമോ നാം?
ബാഷ്പങ്ങളാൽ നിറയും മിഴികളേയും
മൗനതീരം തീർക്കും ഏകാന്തതയേയും
ഇന്നകറ്റുന്ന മനുഷ്യൻ ഇരുളിലേക്ക്

സൂര്യനും ചന്ദ്രനും മാത്രമേ പോർക്കളത്തിൽ
കാലം ഓർമ്മകളെന്നും ഉരുവിടും
വീഴ്ച്ചയും ഉയർച്ചയും എന്നും സ്മരിച്ചീടും
മർത്യാ അവ മറക്കുന്നവനോ നീ..



–Diya Halbith(10 a)

# കടങ്കഥകൾ

-ഷൈജ

- അകം എല്ലും തോലും പുറം പൊന്തം പൊന്തം
  - വൈക്കോൽത്തുറു
- അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി
  - മുഖം
- അകത്തേക്ക് പോകുമ്പോൾ പച്ച പുറത്തേക്ക് പോകുമ്പോൾ ചുവപ്പ്
  - വെറ്റില മുറുക്ക്
- അകത്തുനിന്നും നോക്കികാണും കണ്ടതെല്ലാം ഉള്ളിലാക്കും
  - ക്യാമറ
- അകത്തുരോമം പുറത്തിറച്ചി
  - മൂക്ക്
- അകത്തുതിരിയിട്ടു പുറത്തു മുട്ടയിട്ടു
  - കുരുമുളക്
- അവിടെകണ്ടു ഇവിടെകണ്ടു പിന്നെ കണ്ടില്ല
  - മിന്നാമിനുങ്ങ്

# അമ്പിളിമാമൻ



-ഫാത്തിമ ഹംന

മാനത്തിരിക്കുന്ന വെള്ളഉടുപ്പിട്ട
അമ്പിളിമാമൻ
മാമനെ കണ്ടോ നീ ?
രാവിൻ നേരത്ത് മിന്നിതിളങ്ങുന്ന
അമ്പിളിമാമൻ
മാമനെ കണ്ടോ നീ ?
സൂര്യൻ മറയുമ്പോ പൊട്ടിവിരിയുന്ന  അമ്പിളിമാമനെ
കണ്ടോ മാമനെ കണ്ടോ നീ ?
ഓമന പൈതൽക്ക്  ചോറുകൊടുക്കാനും
പാപ്പം കൊടുക്കാനും നീ വേണ്ടേ ?
ചില ചിലനേരത്ത് നിന്നെ കാണാൻ
തോണിവഴെ പോലെയാണല്ലൊ?
അമ്പിളിമാമന്റെ ചുററും കാണാൻ കോടിയി
ലേറെ നക്ഷത്രങ്ങൽ
നേരം പുലരുമ്പോൾ അമ്പിളിമാമാ നിന്നെ
കാണാനില്ലല്ലൊ?
വെള്ളയുടുപ്പിട്ട മാമാ നീയെവിടെ



# കൃഷിചൊല്ലുകൾ

-വിവേക്

- പണികളിൽനല്ലത് കൃഷിപ്പണി
- പത്തിരട്ടിച്ച വാണിഭത്തേക്കാൾ വിത്തിരട്ടിച്ച കൃഷി നല്ല
- ഞാറ്റുവേല തെറ്റിയാൽ നാടാകെ നഷ്ടം
- വിത്തന് അനുസരിച്ച് വിളവ്
- അമരതളത്തിൽ തവള കരയണം
- ഇരുന്നുണ്ടവൻ രുചി അറിയില്ല കിളച്ചുണ്ടവനേ രുചിഅറിയുള്ളു
- ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും

# സ്വപ്നം




-കിരൺ പ്രകാശ്

സ്വപ്നങ്ങളില്ലാത്തവരാരുമില്ല,
സ്വപ്നങ്ങളില്ലാതെ ജീവിതവും
തുടരുന്ന തലമുറകൾ,വിടരുന്ന
പുതുമുറകൾ,സ്വപ്നങ്ങളില്ലാ
ത്തവരാരുമില്ല.

നല്ലസ്വപ്നങ്ങൾ കാണണം.
നല്ല പാഠം പഠിക്കേണം.
നല്ല ജീവിതം നയിക്കേണം
നല്ല ജോലിയിൽ മുഴുകേണം.
നന്മയോടെ വസിക്കേണം.

എങ്ങു സ്വപ്നങ്ങൾ
നിറയുന്നു, നല്ല സപ്നങ്ങൾ
സാധ്യമാകുന്നു,സ്വപ്നങ്ങളില്ലാ–
ത്തവരാരുമില്ലാ.......
സ്വപ്നങ്ങളില്ലാതെ ജീവിതവും



# മണ്ടനായ സിംഹവും

# ബുദ്ധിമാനായ മാനും

ഒരിക്കൽ വിശന്ന് വലഞ്ഞ ഒരു സിംഹം തന്റെ ഇരയെ അന്വേഷിച്ച് കാട്ടിലൂടെ അലഞ്ഞ് നടക്കുകയായിരുന്നു. അപ്പോഴാണ് സിംഹത്തിന്റെ മുന്നിൽ ഒരു മാൻക്കുട്ടിചെന്ന് പെട്ടത്. മാൻക്കുട്ടിയെ കണ്ടതും സിംഹത്തിന്റെ വായിൽ വെള്ളം ഊറി. ഇന്നത്തെ ഇരയെ കിട്ടിയതിൽ സിംഹം അതിയായി സന്തോഷിച്ചു.ശേഷം മാൻക്കുട്ടിയെ പിടികൂടി. പക്ഷേ, ബുദ്ധിമാനായ മാൻക്കുട്ടിതന്റെ ജീവനുവേണ്ടി സിംഹത്തോട് അപേക്ഷിച്ചില്ല. പകരം മാൻക്കുട്ടി

പറഞ്ഞു:'ആ കാണുന്ന കിണറ്റിലേക്ക് ഒന്നു നോക്കു,എന്നിട്ട് നിങ്ങൾഎന്നെ ഭക്ഷിച്ചോളു'. ഇത് കേട്ടപ്പോൾ ആ മണ്ടനായ സിംഹം കിണറ്റിലേക്ക് എത്തിനോക്കി. കിണറ്റിൽ സിംഹത്തിന്റെയും മാൻക്കുട്ടിയുടെയും നിഴൽ കണ്ടപ്പോൾ സിംഹം വിചാരിച്ചു"ആ കിണറ്റിൽ മറ്റൊരു സിംഹവും മാൻക്കുട്ടിയും ഉണ്ട്, എന്നാൽ ആദ്യം

ആ മാനിനെ തിന്നാം എന്നിട്ട് ഇതിനെ തിന്നാം".എന്നിട്ട് സിംഹം കിണറ്റിലേക്ക് എടുത്തുചാടി.കിണറ്റിൽ വീണപ്പോളാണ് സിംഹത്തിന് തന്റെ മണ്ടത്തരം മനസ്സിലായത്.എന്നാൽ അത് അവനെ രക്ഷിച്ചില്ല.

## ഗുണപാഠം: അത്യാഗ്രഹം

# *Bird talk*




Think ...said the robin
think...said the jay
sitting    in the garden
talking one day
think about people
the way they grow:
they don't have feathers
at all, you know.
They don't eat beetles
they don't grow wings
they don't like slitting
on wires and things
Think'!said the robin
'Think'!said the jay
'Aren't people fanny
to be that way?

# മാനം

അനരുദ്ധ്

*മേഘത്തെ വിട്ടുപിരിയാൻ മഴത്തുള്ളിക്ക് ഒട്ടും ഇഷ്ടമുണ്ടായിരുന്നില്ല .കളിത്തോഴനായ കാറ്റ വന്നു വിളിച്ചപ്പോഴും ഒന്നും മിണ്ടിയില്ല. മുഖം കറുപ്പിച്ച്അവനെ ഒന്നു നോക്കി.''ഹും.....*

ഭൂമിയിൽ എത്തിയാൽ താൻ തന്നെത്തന്നെ ചിന്നിച്ചിതറിക്കും..''ഭൂമിയിലേക്കുള്ള യാത്രയിൽ അവൾ ചുറ്റും ഒന്നുനോക്കി.അത് കഴിഞ്ഞ കാലത്തിന്റെ ഓർമ്മകളിലേക്ക് ഉള്ള വാതിലുകൾ തുറന്നു . സുന്ദരമായ ശൈശവം.....മേഘത്തിന്റെ തോളിൽ കയറിക്കണ്ട കാഴ്ചകൾ...... ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് .....ഹും ..ഇപ്പോൾ വളർന്നുപോയത്രേ....വളർന്നാൽ പിന്നെ മാനത്തു സ്ഥാനം ഇല്ല അതാണ് നിയമം...സ്വന്തംമക്കൾ ആയാലും...ഉടൻ ഭൂമിയിലേക്ക് അയക്കണം മാനത്തു നിന്ന് വല്ല അവിവേകവും കാണിച്ചാലോ....? ഓ...ഒരുതരത്തിൽ പറഞ്ഞാൽ ഭൂമിയിലെ പെൺകുട്ടികളേപ്പോലെ....ഭൂമിയിലെ ഏതെങ്കിലും പുഴയിലോ കുളത്തിലോ കിണറ്റിലോ മറ്റോ കെട്ടിക്കിടക്കാനാണു പോവുന്നത് എന്ന് അമ്മ മാനത്തിനു അറിയാമായിരിക്കും.മാനമായാലും മാനം കാക്കേണ്ടേ....പോവുകതന്നെ...*ഭൂമിയിലെ*പെൺകുട്ടികളു*ടെ മാനം കാർന്നുതിന്നുന്നവർക്കെതിരെ ചിലപ്പോൾ ഒരു പ്രളയമായി മാറാൻ കഴിഞ്ഞേക്കും...അതേ...കുതിക്കട്ടേ....ഭൂമിയിലേക്കു തന്നെ കുതിക്കട്ടേ*




# He still alive

-sayanthana vinod
9 c

*He was a brave soldier*
*who worked hard*
*for,day and night.*
*Most of his nights*
*were sleepless*
*He was loved by all*
*But in an unlucky*
*moment,death arrived*
*as a snake.*
*He was tributed*
*with guard of honour*
*That departure*
*rained many dreams*
*NO, he is still*
*in our hearts*
*and that brave*
*Soldier was*
my dear uncle



-Malavika N V(9 G)




# ജി.കെ കാപ്സ്യൂൾ ( കേരളം )

-അമൽ ദേവ്

1.കേരള നവോത്ഥാനത്തിന്റെ പിതാവ് ആര് ?

ഉ. ശ്രീ നാരായണ ഗുരു

2.ഗുരു അരുവിപുറം പ്രതിഷ്ഠ് നടത്തിയ വർഷം ?

ഉ.1888

3.കേരള ലിങ്കൺ എന്ന് അറിയപെടുന്നത് ആര് ?

ഉ.പാണ്ഡിറ്റ് കെ.പി കറുപ്പൻ

4.ക്ഷേത്ര പ്രവേശന വിളംബരം നടന്ന വർഷം ?

ഉ.1936

5 .ക്ഷേത്ര പ്രവേശന വിളംബരം പുറപെട്ടുവിച്ച തിരുവിതാൻകൂർ
ഭരണാധികാരി ?

ഉ.ശ്രീ ചിത്തിര തിരുനാൾ

6 .തിരുവിതാൻകൂറിന്റെ വന്ധ്യവയോധികൻ എന്ന് അറിയപെട്ടുന്നത് ആര് ?

ഉ.ജി.പി പിള്ള

7.ഗുരുവായൂർ സത്യാഗ്രഹ ജാഥാ ക്യാപ്റ്റൻ ആര് ?

ഉ. എ.കെ ഗോപാലൻ

8.വൈക്കം സത്യാഗ്രഹം നടന്ന വർഷം ?

ഉ.1924

9.അച്ചി പുടവ സമരം നയിച്ചത് ആര് ?

ഉ. ആറാട്ടുപുഴ വേലായുധ പണിക്കർ

10 .ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം ?

ഉ.1931

# കിനാവ്

-ഫാത്തിമ സൈറ ബാനു

പകൽ കിനാവിലും
പതിവുപോലെ
പുളിയിലക്കര പുടവചുറ്റി
വാലിട്ടു കണ്ണെഴുതി
മുട്ടോളമെത്തും മുടിയഴകിൽ
മുല്ലപ്പൂമാല ചൂടി
മനസിന്റെ കടവത്തു
തോണിയേറി തുഴയുന്നു..........
ഇതുവരെ കാണാത്ത
മഴവില്ലു തേടി......
മലർക്കാട്ടു തേടി.........
മധുക്കൂട്ടു തേടി........

# പങ്കായം



ജീവിതമാമെൻ തോണിയിൽ
നീങ്ങുമ്പോൾ
പങ്കായം എന്നവയല്ലോ
തെറ്റുതിരുത്തി
ശരിക്കാണിച്ചുകൊണ്ടമ്മ
നന്മയുടെ വഴിയായയല്ലോ
ഉച്ചച്ചൂടിൽ ഒരു മരമായ് തണലായ്
എന്നിൽ അലിയുകയല്ലോ
തളിരിന്റെ കുളിരായി ഹൃദയത്തിന്റെ പാട്ടായി
നിറമുള്ള കനവുമായി
ഹൃദയത്തിൻ നോവുകൾ മായ്ച്ചുകളഞ്ഞമ്മ
എന്നെ ഉയർത്തുകയല്ലോ
ഇരുട്ടാർന്ന എൻമനം ദീപമായ്മാറ്റി
എന്നെ ഉയർത്തുകയല്ലോ

# മഹത് വചനങ്ങൾ

*ഒരു ജോലി ചെയ്യാൻ നിങ്ങൾ എത്രത്തോളം വിദഗ്ധനാണ് എന്നതിനേക്കാൾ നിങ്ങൾക്ക് ജോലി ചെയ്യാനുള്ള അർപ്പണ മനോഭവമാണ് ഏറ്റവും പ്രധാനം

–ഡോ.എ.പി.ജെ.അബ്ദുൾ കലാം

*സന്തോഷത്തിന്റെ ഒരു വാതിൽ അടയുമ്പോൾ എപ്പോഴും മറ്റൊന്ന് തുറക്കുന്നു. അടഞ്ഞ വാതിൽ തന്നെ നോക്കി നിൽക്കുന്നത് കൊണ്ടാണ് തുറന്ന വാതിൽ നാം കാണാത്തത്

–ഹെല്ലൻ കെല്ലർ

*നമ്മുക്ക് എന്തറിയാം എന്നതല്ല എന്തറിഞ്ഞുകൂടാ എന്നതാണ് യഥാർത്ഥ അറിവ്

–ഹെൻറി ഡേവിഡ് തോറ

*ഇരുട്ടിന് ഇരുട്ടിനെ തുരത്താനാവില്ല,വെളിച്ചത്തിനെ അത് സാധിക്കൂ.വെറുപ്പിന് വെറുപ്പിനെ ഓടിക്കാൻ കഴിയില്ല,സ്നേഹത്തിനെ അത് സാധിക്കൂ...

–മാർട്ടിൻ ലൂഥർ കിങ്

*സൗന്ദര്യത്തെ സ്നേഹിക്കരുത്,നിങ്ങളുടെ ജീവിതം

ആരാണോ സുന്ദരമാക്കുന്നത് അവരെ സ്നേഹിക്കുക

–രവീന്ദ്ര നാഥ ടാഗോർ

*ഭൂമിയിൽ മനുഷ്യനോളം വലുതായിട്ടൊന്നുമില്ല,
മനുഷ്യനിലോ,മനസ്സോളം വലുതായിട്ടുമൊന്നുമില്ല

–വില്ല്യം ഷേക്സ്പ്പിയർ

*ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം ഉറങ്ങാൻ
അനുവതിക്കാത്തതാണു സ്വപ്നം

–എ.പി.ജെ.അബ്ദുൾ കലാം

*മതം മാറ്റം എനിക്ക് പറ്റിയ ഒരബദ്ധമാണ്. എല്ലാ
മതത്തിലും സ്ത്രീകളുടെ സ്ഥിതി തൊഴുത്തിലെ
പശുകളുടേതിന് തുല്ല്യമാണ്

–കമല സുരയ്യ

*നിങ്ങൾ എല്ലാക്കാലവും ജീവിക്കും എന്നപോലെ
പഠിക്കു.നാളെ മരിച്ചു പോകാം എന്ന പോലെ
ജീവിക്കു

**–മഹാത്മാഗാന്ധി**

***എല്ലാ ജീവചാലങ്ങളും മഴയിൽ നിന്ന് രക്ഷപ്പെടാൻ**
അഭയം തേടുന്നു,എന്നാൽ പരുന്ത് മേഘങ്ങളുടെ
മുകളിലൂടെ പറന്ന് അതിനെ അതിജീവിക്കുന്നു

**–എ.പി.ജെ അബ്ദുൾ കലാം**

# മഴവില്ല്

-ദേവനന്ദ

മഴയെത്തും മുമ്പേ  വന്നു നീ

എൻ മിഴികൾക്കാനന്ദം പകരാൻ

കണ്ടു കണ്ടെൻ കണ്ണ് നിറഞ്ഞു

നിറഞ്ഞൊരാ മനസ്സും

ഒരു മാത്ര മാത്രമെൻ മുന്നിൽ

അവതരിച്ചൊരാ സുന്ദര

ദൃശ്യം പെട്ടന്നെത്തിയൊരു -

പേമാരിയിൽ എങ്ങോ പോയ്യ്റഞ്ഞു



–Diya Halbith(10 a)

# നഷ്ടമാകയോ ജീവന്റെ നാരുകൾ

ഹേ!!!തരുണീ...നിൻ കരങ്ങളാൽ
ഞാൻ പൂണ്ടൊരു ശോഭയെത്ര?ആയിരം
കുന്തം കൊണ്ടുമായിരം വഞ്ചനകൊണ്ടു-
മായിരം വഞ്ചകർക്കുപോലും വീഴ്ത്താനാ-
കില്ലയാ ഭൂതത്രേതായുഗത്തിൽ...'ആരാണാ
വഞ്ചകർ???"

ഹരിത തടാകത്തിൽ നിന്ന് പുനർജനിച്ച
വൃക്ഷമിന്നൊരുപാട് ഭയക്കുമീ
രാക്ഷസരെ...മോന്തിക്കുടിക്കുന്നു
ജീവാമൃതംപോൽ വെട്ടി പിഴിഞ്ഞു
പുഴങ്ങി തിരിച്ചുപോൽ....

എത്ര കാഠിന്യമിഭൂമിയിൽ വെന്തെരിയുന്ന
ജീവനെന്നാകിലോ...പാറുന്നു വെൺ ചാമര-
പതാകകളിന്നു രാക്ഷസർ...കയ്യടക്കി പലതുമിഭൂ-
മിയിൽ കയ്യടക്കി പ്രകൃതിക്കുമേൽ നഷ്ടമാകയോ
ജീവന്റെ നാരുകൾ പൂക്കളും കായ്കളും മണ്ണിൻ
മമതയും ഇനി ഒത്തിരി നാൾക്കൂടി.

# പ്രളയം

- കൃഷ്ണേന്ദു

വാർത്തകളിൽ പ്രളയം
കണ്ണിരിന്റെ പ്രളയം
മഴ ദൈവങ്ങൾ
കനിഞ്ഞ പ്രളയം
എങ്കിലും ദുഖം
ഓർമ്മകൾ മറഞ്ഞു
പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി
പ്രളയത്തിൽ
ഒടുവിൽ വന്ന
പത്രവാർത്തയിൽ
ഒരു കടലിരുന്മൽ
വാർത്തയുടെ ഉള്ളിലിക്കുന്നെ
ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന
പ്രതീക്ഷയിൽ
പ്രളയം

# പഴഞ്ചൊല്ലുകൾ

- അമ്മയ്ക്കരി അളക്കരുത്
- അവിട്ടം കഴിഞ്ഞാൽ അമരവും കഴിയുന്നു
- അഷ്ടമത്തു ശനി കഷ് ടം
- അറിവിനറുതിയില്ല
- അങ്ങാടിയിൽതോറ്റതിന് അമ്മയോട്
- അങ്ങാടി പയ്യ് ആലയിൽ നിൽക്കില്ല
- അടുത്തവനെ കെടുത്തരുത്.
- അടിതെറ്റിയാൽ ആനയും വീഴും
- അത്താഴം മുടക്കാൻ നീർക്കോലിയും മതി
- ആളേറിയാൽ പാമ്പുചാവില്ല
- ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
- അകത്തു കത്തിയും പുറത്തു പത്തിയും
- അധികം കൂവുന്ന കോഴി അല്പമേ മുട്ടയിടൂ
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
- ഇടി വെട്ടിയവനെ പാമ്പു കടിച്ചു
- ഉണ്ട ചോറിൽ കല്ലിടരുത്



–ADILKRISHNA S (8 A)


അപ്പോളോ 17
ചാന്ദ്രയാൻ
ഗ്രഹണം
ജൂലൈ 21, ചാന്ദ്രദിനം. മാനവരാശിയുടെ ആ മഹത്തായ കുതിച്ചുചാട്ടത്തിന്റെ ഓർമ അമ്പതിലേക്ക് കടക്കുകയാണ്. ത്രസിപ്പിക്കുന്ന അനുഭവങ്ങളുടെ പരമ്പര തന്നെയുണ്ട് ചാന്ദ്രയാത്രകൾക്കു പിന്നിൽ. ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ച മുതൽ രാഷ്ട്രീയ ഇടപെടലുകൾ വരെ. കേവലം ഒരു ആവേശത്തിന്റെ ഭാഗമായി നടത്തിയ ഉദ്യമങ്ങളല്ല ചാന്ദ്രയാത്രകൾ. നിരവധി ആളുകളുടെ വിയർപ്പും കണ്ണീരും അതിനു പിന്നിലുണ്ട്.

**—ഫാത്തിമ മനാൽ**

# ഗാന്ധിജിയെ കുറിച്ച് ചില പ്രമുഖ വ്യക്തികൾ പറഞ്ഞ കാര്യങ്ങൾ

മനുഷ്യചരിത്രത്തിലെ മഹായോഗികളുടെ കൂട്ടത്തിലാണ് അദ്ദേഹത്തിന്റ സ്ഥാനം. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ തിളക്കം ലോകമെമ്പാടും കടന്നു ചെന്നിരിക്കുന്നു.

-റോമെയ്ൻ റോളങ്ങ്

വരാനിരിക്കുന്ന യുഗങ്ങൾക്ക് സ്വന്തം ജീവിതം തന്നെ മാതൃകയാക്കിയ മനുഷ്യൻ

-രവീന്ദ്രനാഥ ടാഗോർ

കാലപരിമിതികൾക്ക് അതീതമാണ് അദ്ദേഹത്തിന്റെ സമുന്നതചിന്തകൾ

-ഇന്ദിരാഗാന്ധി

ഈ ഭൂമുകത്ത് ഇമ്മാതിരി ഒരു മനുഷ്യൻ രക്തമാംസാതികളോടെ ജീവിച്ചിരുന്നുവെന്ന് വിശ്വസിക്കാൻ വരും തലമുറകൾ തയ്യാറായില്ലെന്ന് വരാം

-ആൽബട്ട് ഐൻസ്റ്റീൻ



# വെളിച്ചം മറയ്ക്കുന്ന ഇരുട്ട്



വെളിച്ചത്തെ ഞാൻ എൻ കണ്ണു-
കളാൽ മറയ്ക്കുന്നത് പോൽ
മറയ്ക്കാമോ നമുക്ക് സത്യത്തെ
കള്ളവാക്യങ്ങൾ കൊണ്ട്
മറയ്ക്കാനാവില്ല ഒന്നിനെയും
മറയ്ക്കുന്നതും വെളിച്ചമാകും
ഇരുട്ടാർന്ന
ഭൂമിയിലൊരുകൊച്ചുദീപം
പ്രകാശിക്കുന്നതുപോൽ
ദുഃഖത്താൽ മനസ്സിനെ ഇരുട്ടു-
നിറയുന്ന നേരത്ത് നമ്മൾ
ആഹ്ലാദം പകരുന്ന വെളിച്ച-
ത്തിലൂടെ നടന്ന് മുന്നേറുക
കണ്ണുകളാൽ കാണുന്ന സൗന്ദര്യ-
മുള്ളതുമായ കാഴ്ചകൾ
വെളിച്ചം നമുക്കായി നൽകിയ
വരദാനമായി മാറുന്നു.
അധർമ്മിയാം മനുഷ്യൻ ഭൂമിതൻ
വെളിച്ചമാം പ്രകൃതിയെ
നാശമാം ഇരുട്ടിൽ തളയ്ക്കുന്ന
കാലമെന്നറിയുകനാം.

-ശ്രീറാം മനോജ്കുമാർ

# മൗനം

മൗനം മാറ്റൂ മൗനം മാറ്റൂ

മൗനം നിർത്തൂ മൗനം നിർത്തൂ...

മാറ്റൂ മൗനം മാറ്റൂ മൗനം

പുഞ്ചിരിതൂകും മുഖത്തിനായ്

നിർത്തൂ മൗനം നിർത്തൂ...

ചിരിതൂകുന്നൊരു മുഖത്തിനായ്

വിരിയട്ടെ മുഖം പുഞ്ചിരിയാൽ

വിരിയട്ടെ മുഖം സന്തോശത്താൽ


സന്തോശത്താൽ വിരിയും മുഖത്തെ

മൗനത്താൽ മറയ്ക്കരുതേ നീ

മൗനം മാറ്റൂ മൗനം മാറ്റൂ

മൗനം നിർത്തൂ മൗനം നിർത്തൂ


# സൂചിമുഖി പക്ഷി


തേനും തേടി നടക്കും ഞാനൊരു
സൂചിമുഖി പക്ഷി.
പൂവിൽ പാറി പറക്കും പക്ഷി
പൂന്തേൻ നുകരാൻ പറ്റിയ
നിന്നുടെ കൊക്കല്ലിതു.
ഞാൻ ഒരു ചെറുകിളിയല്ലോ
-ഖദീജ അൻഫാൽ

# ഓർമ്മകൾ

-ശോണിദ

എന്നും മനസ്സിൽ ഓർമ്മകൾ,
ഓർമ്മകൾ തൻ നിമിഷങ്ങൾ,
ഓർമ്മകളിലെങ്ങും മോഹങ്ങൾ,
തേൻപോലെ ഓർമ്മകൾ
ഓർമ്മകളിലെ സ്വപ്നങ്ങൾ
കടൽപോലെ നീളെ നീളെ
തീരാതെ ഓർമ്മകൾ
എന്നും മനസ്സിൽ ഓർമ്മകൾ
മായാത്ത ഓർമ്മകൾ



# हम सब भारतीय है

हम सब भारतीय है
कायम रखेंगे एकता
सिंह की ,भगतसिंह की,
राणाप्रताप के प्रताप के  प्रताप की
कुर्बान की,गांधी की कुर्बान की
गाथा हर दम दुहरेंगे हम।
आज़ाद की ,कर्बान की
शान की निशान है ये झंडा
झुकाओ ,शीश झुकाओ
मान की कुर्बान की झंडे पर
सलाम करो.......सलाम करो

-षजिता टी


DRUGS....
DRAGS YOU DOWN
DEATH-FINALY
LET TO THINK,
NOT TO DRINK
BEAR
RIP
RIP
Tablets, use for health

-Jishnu t k (9 d)


# രാക്കുട്ടുകാരി

**പകൽ ഇരുളിന്റെ കുപ്പായ മണിയുമ്പോൾ**
**രാവേനിനക്കെന്തു ഭംഗി........................**
**ആകാശവഴികളിലിൽ താരങ്ങൾ മിന്നുമ്പോൾ**
**രാവേ നിനക്കെന്തു ഭംഗി............................**
**ചീവീടുകൾ ഉയരുന്ന മുറ്റത്ത് തൊടികളിൽ**
**രാവിൽ നിശബ്ദതയ്ക്കെന്തു ഭംഗി...............**
**നിന്നൽ മേഘങ്ങളെ പകലാക്കി മാറ്റുമ്പോൾ**
**രാവേ നിനക്കെന്തു ഭംഗി..........................**
**താത്രിമഴ തോരാതെ കിന്നാരം ചൊല്ലുമ്പോൾ**
**മഴത്തുള്ളിക്കിലുക്കത്തിനെന്തു ഭംഗി.............**
**ഓരോപുലരിയും രാവിലേക്കണരുമ്പോൾ**
**ഇരുളേ നീ തന്നെ എന്റെ തോഴി...........**

**നഷ്‌വ റഷീദ്**
**8 G**



-Shidhin d s (9 c)



# NATURE


NATURE IS OUR MOTHER
NATURE IS OURS
ALL WILD ANIMALS ARE
LIVING IN THE NATURE.

NATURE IS OUR MOTHER
NATURE IS OURS.
CAT,DOG,AND TIGER
LIVING IN THE NATURE.

HORSE,DEER AND PIGS ARE
LIVING IN THE NATURE
NATURE IS OUR MOTHER
NATURE IS OURS.

RIVERS,PONDS,AND LAKES ARE
BEAUTIFIES THE NATURE.
BEES BUTTER FLIES ARE
LIVING IN THE NATURE

# प्रेमचंद जी की एक सुन्दर कविता



*ख्वाहिश नही मुझे*
*मशहूर होने की,*
*आप मुझे पहचानते हो*
*बस तिना ही काफी है,*
*अच्छे ने अच्छा और*
*बुरे ने बुरा जाना मुझे*
*क्यों कि जिस की जितनी ज़रूरत थी*
*उसने उतना ही पहचाना मुझे.*
*ज़िन्दगी का फलसफा भी*
*कितना अजीब है*
*शामें कटती नही और*
*साल गुज़रतेचले जा रहे है,*
*एक अजीब सी*

*दौड है यह ज़िन्दगी,*
*जीत जाओ तो*
*अपने ही पीछे छोड जाते हैं*
*बैठ जाता हूँ*
*मिट्टी पे अक्सर*
*क्यों कि मुझे अपनी*
*औकात अच्छी लगती है*
*मैंने समंदर से*
*सीखा है जीने का सलीका*
*चुपचाप से बहना और*
*अपनी मौजमें रेहना*
*ऐंसा नही कि मुझ में*
*कोई ऐंब नही है,*
*पर सच कहता हूँ*
*मुझमें फरेब नही है*
*जल जाते है मेरे अंदाज़ से*
*मेरे दुश्मन*

*क्यों कि एक मुद्दत से मैंने,*

*....न मोहब्बत बदली*

*और न दोस्त बदले है,..*

*एक घडी खरीदकर*

*हाथ में क्या बाँध ली*

*वक्त पीछे ही*

*पड गया मेरे,*

*सोचा था घर बनाकर*

*बैठूँगा सुकून से,*

*पर घर की ज़रूरतों ने*

*मुसाभिर बना डाला मुझे*

*सुकून की बात मत कर*

*ऐ गालिब,*

*बचपन वाला इतवार*

*अब नही आता*

*जीवन की भाग दौड में*

*क्यूं वक्त के साथरंगत खोजाती है?*

हँसती खेलती ज़िन्दगी भी
आम हो जाती है
एक सवेरा था
जब हँसकर उठते थे हम
और आज कई
बार ूनिा मुस्कुराये
ही शाम हो जाती है
कितने दूर निकल गये
रिश्तों को निभाते निभाते,
खुद को खो दिया हमने
अपनों को पाते पाते
लोग कहते है
हम मुस्कुराते बहुत है
और हम थक गए
दर्द छुपाते छुपाते
खुस हईं और सब को
खुश रखता हूँ




-Amal krishna (+ 1,science)

# നന്ദി......

സ്നേഹമയിയായ ഭൂമിയേയും
സ്വപ്നങ്ങളുടെ ആകാശത്തേയും
സുഗന്ധവാഹിയായ കാറ്റിനേയും
മതിയാവോളം സ്നേഹിക്കുവാനും
താലോലിക്കുവാനും
നമ്മുടെ മനസ്സുകൾ വളരട്ടെ..........

അറിവിന്റെ അക്ഷരക്കൂട്ടുകൾ
താളുകളായി പരിണമിച്ചപ്പോൾ
ഞങ്ങളോടൊപ്പം സഹകരിച്ച
സുമനസുകൾക്ക് നന്ദി ......